"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ്- ഹൈക്കോടതി ജീവനക്കാര്യം- 47 സേവകുമാരുടെ അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആഭ്യന്തര(സി) വകുപ്പ്

സ.ഉ.(കൈ) നം.173/2023/HOME തീയതി,തിരുവനന്തപുരം, 04-08-2023

പരാമർശം:-
1. 05.11.2017-ലെ.സ.ഉ(കൈ) നം 222/2017/ആഭ്യന്തരം നമ്പർ ഉത്തരവ്
2. 26.03.2021-ലെ സ.ഉ(അച്ചടി) നം 33/2021/ആഭ്യന്തരം നമ്പർ ഉത്തരവ്
3. 23.11.2022-ലെ സ.ഉ(കൈ)നം 3300/2022/ആഭ്യന്തരം നമ്പർ ഉത്തരവ്
4. കേരള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 14.9.2022, 08.05.2023 എന്നീ തീയതികളിലെ A1-116861/2016/A7 നമ്പർ കത്ത്

ഉത്തരവ്

പരാമർശം 1 ലെ ഉത്തരവ് പ്രകാരം കേരള ഹൈക്കോടതിയിൽ 38 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ 20,330 /- ഏകീകൃത ശമ്പള വ്യവസ്ഥയിൽ സേവക് തസ്തികകളാക്കി മാറ്റുന്നതിനായി സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.തുടർന്ന് പരാമർശം (2) ലെ ഉത്തരവ് പ്രകാരം സേവകുമാരുടെ ഏകീകൃത വേതനം 25,300 രൂപയാക്കി ഉയർത്തി.ഹൈക്കോടതി ജഡ്ജിമാരുടെ വസതിയിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ജഡ്ജിമാരുടെ സ്വകാര്യവും വ്യക്തിപരവുമായ കാര്യങ്ങളിൽ പങ്കെടുക്കേണ്ടവരാണെന്നതിനാൽ സത്യസന്ധതയും വിശ്വസ്തതയും ഉള്ള വ്യക്തികളെ മാത്രമേ ജഡ്ജിയുടെ വസതിയിൽ നിയമിക്കാൻ കഴിയുള്ളു എന്ന കാഴ്ചപ്പാടോടെയാണ് പ്രസ്തുത 'സേവക്' തസ്തിക ഹൈക്കോടതിയിൽ രൂപീകരിച്ചിട്ടുള്ളത്.

കേന്ദ്ര സർക്കാർ ഹൈക്കോടതിയിലെ ജഡ്ജിമാരുടെ അംഗീകൃത അംഗസംഖ്യ 38-ൽ നിന്ന് 47 ആയി വർദ്ധിപ്പിച്ചതിനെത്തുടർന്ന് ജഡ്ജിമാരുടെ എണ്ണത്തിന് ആനുപാതികമായി സേവക് തസ്തികകളുടെ എണ്ണം പരിഷ്ക്കരിക്കേണ്ടതിനെ തുടർന്ന്, പരാമർശം(3) ലെ ഉത്തരവ് പ്രകാരം 25,300/- രൂപ ഏകീകൃത ശമ്പളത്തോടെ കേരള ഹൈക്കോടതിയിൽ 9 സേവക് തസ്തികകൾ കൂടി സൃഷ്ടിച്ചു. തുടർന്ന് അധിക തസ്തികകൾ സൃഷ്ടിച്ച് ഓരോ ജഡ്ജിക്കും രണ്ട് സേവകിനെ വീതം നൽകാൻ ഹൈക്കോടതിയുടെ ഫുൾ കോടതി ഏകകണ്ഠമായി തീരുമാനിച്ചതിനാൽ, ഓരോ ജഡ്ജിക്കും രണ്ട് സേവകരെ നൽകുന്നതിന്, 47 സേവകരുടെ അധിക തസ്തികകൾ കൂടി സൃഷ്ടിക്കണമെന്ന് രജിസ്ട്രാർ ജനറൽ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അധിക തസ്തികകൾ സൃഷ്ടിച്ച് ഓരോ

ജഡ്ജിക്കും രണ്ട് സേവകിനെ വീതം നൽകാൻ 47 സേവകരുടെ അധിക തസ്തികകൾ ഹൈക്കോടതിയിൽ സൃഷ്ടിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന ഹൈക്കോടതി ഫുൾ കോടതിയുടെ തീരുമാനം കണക്കിലെടുത്തു കൊണ്ട് ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ 47 സേവകമാരുടെ അധിക തസ്തികകൾ 25,300/-രൂപ ഏകീകൃത ശമ്പള വ്യവസ്ഥയിൽ, സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

രജിസ്ട്രാർ ജനറൽ ,കേരള ഹൈക്കോടതി,എറണാകുളം(ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്(നം. 2237017/എക്സ്പൻഡിച്ചർ-ഡി2/5/22/ധന തീയതി 23.06.2023)

പൊതുഭരണ(എസ്.സി) വകുപ്പ്( ഇനം 1691 തീയതി 02.08.2023 പ്രകാരം )

ഐ& പി. ആർ.ഡി , വെബ്ബ് & ന്യൂ മീഡിയ( സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 02-08-2023**

ഫയൽ നം. സി2/184/2022/ആഭ്യന്തരം (പാർട്ട്-1). ഇനം നം: 1691

വിഷയം : ആഭ്യന്തര വകുപ്പ് - ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ 47 അധിക സേവക് തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
03 AUG 2023

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

1691

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി2/184/2022/ആഭ്യന്തരം(പാർട്ട്-1) |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ 47 അധിക സേവക് തസ്തിക സൃഷ്ടിക്കുന്നത് -സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14.07.2023 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതേ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ബീന.പി.എസ് |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26/07/2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു.വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27/07/2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 31.07.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 01.08.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ 47 സേവക് മാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ പ്രൊപ്പോസലാണ് ഈ കുറിപ്പ് കൈകാര്യം ചെയ്യുന്നത്.

2) 05.11.2017 ലെ GO (Ms) No 222/2017/Home പ്രകാരം, 20,330/- രൂപ ഏകീകൃത ശമ്പളത്തോടെ 38 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ സേവക് തസ്തികകളാക്കി മാറ്റുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. 26/03/2021-ലെ G.O(P) No.33/2021/Home പ്രകാരം സേവക് മാരുടെ ഏകീകൃത വേതനം 25,300/- രൂപയായി ഉയർത്തി.

3) കേന്ദ്ര സർക്കാർ ഹൈക്കോടതിയിലെ ജഡ്ജിമാരുടെ അംഗീകൃത അംഗസംഖ്യ 38-ൽ നിന്ന് 47 ആയി വർദ്ധിപ്പിച്ചതിനെത്തുടർന്ന് ജഡ്ജിമാരുടെ എണ്ണത്തിന് ആനുപാതികമായി സേവക് തസ്തികകളുടെ എണ്ണം പരിഷ്കരിക്കേണ്ടതായി വന്നു. തുടർന്ന് സേവക് മാരുടെ ഒമ്പത് തസ്തികകൾ അനുവദിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാർ ജനറൽ അഭ്യർത്ഥിച്ചു. കൂടാതെ അധിക തസ്തികകൾ സൃഷ്ടിച്ച് ഓരോ ജഡ്ജിക്കും രണ്ട് സേവകരെ കൂടി നൽകാൻ ഹൈക്കോടതിയുടെ ഫുൾ കോടതി ഏകകണ്ഠമായി തീരുമാനിച്ചതായും ഓരോ ജഡ്ജിക്കും രണ്ട് സേവകരെ നൽകുന്നതിന് 47 സേവക് തസ്തികകൾ കൂടി ആവശ്യമാണെന്നും രജിസ്ട്രാർ ജനറൽ അറിയിച്ചു. അതിനാൽ, സേവകിന്റെ 56 അധിക തസ്തികകൾ (അതായത്. നേരത്തെ ആവശ്യപ്പെട്ട 9 തസ്തികകളും ഓരോ ജഡ്ജിക്കും രണ്ടാമത്തെ സേവക് നെ നൽകുന്നതിന് 47 തസ്തികകളും ആവശ്യമാണ്) പ്രതിമാസം 25,300 രൂപ ഏകീകൃത ശമ്പളത്തോടെ അനുവദിക്കാനും അഭ്യർത്ഥിച്ചു. ജഡ്ജിമാർക്കുവേണ്ടി സേവക് മാരുടെ 56 അധിക തസ്തികകൾ രൂപീകരിക്കുന്ന വിഷയം 24.09.2020 ലെ CM-CJ മീറ്റിംഗിൽ ഇനം നം 2 ആയും ഉൾപ്പെടുത്തിയിരുന്നു.

4) വിഷയം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കുംപ്രകാരം അഭിപ്രായപ്പെട്ടു:-

"Finance Agrees to create 9 Sevak Post in High Court with a consolidated remuneration of Rs 25300 per month, take in account of the fact that additional 9 posts of Sevak are proposed as against the increase in number of Judges in High Court from 38 to 47"

5) ജഡ്ജിമാരുടെ എണ്ണത്തിന് ആനുപാതികമായി സേവകിന്റെ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി 23.11.2022 ലെ GO (Ms) No 3300/2022/Home പ്രകാരം 25,300/- രൂപ ഏകീകൃത ശമ്പളത്തോടെ കേരള ഹൈക്കോടതിയിൽ സേവകിന്റെ 9 തസ്തിക സൃഷ്ടിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു.

6) അധിക തസ്തികകൾ സൃഷ്ടിച്ച് ഓരോ ജഡ്ജിക്കും രണ്ട് സേവക് മാരെ വീതം നൽകാൻ ഹൈക്കോടതിയുടെ ഫുൾ കോടതി ഏകകണ്ഠമായി തീരുമാനിച്ചതായി രജിസ്ട്രാർ ജനറൽ അറിയിക്കുകയും ആയതിനാൽ ഓരോ ജഡ്ജിക്കും രണ്ട് സേവകരെ നൽകുന്നതിന്, 47 സേവകരുടെ അധിക തസ്തികകൾ കൂടി ആവശ്യമാണെന്ന് അറിയിക്കുകയും ചെയ്തു.

7) ഈ വിഷയം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തപ്പോൾ ആ വകുപ്പ് താഴെപ്പറയുംപ്രകാരം അഭിപ്രായപ്പെട്ടു;

"Administrative Department is informed that "Finance" deferred the proposal in view of the present financial stringency of the State

This has the approval of the Hon'ble Minister (Finance)"

8) തുടർന്ന് പ്രൊപ്പോസൽ പരിഗണിക്കാൻ കഴിയില്ലെന്ന് രജിസ്ട്രാർ ജനറലിനെ അറിയിച്ചു. ബഹുമാനപ്പെട്ട ജഡ്ജിമാരുടെ വസതിയിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ജഡ്ജിമാരുടെ സ്വകാര്യവും വ്യക്തിപരവുമായ കാര്യങ്ങളിൽ പങ്കെടുക്കേണ്ടവരാണെന്നും അവർക്ക് ജഡ്ജിയുടെ വസതിയിൽ പ്രവേശനം ഉള്ളതിനാലും ജഡ്ജിയുടെ കുടുംബാംഗങ്ങളുമായി ഇടപെടുന്നതിനാലും അത്തരം ഉദ്യോഗസ്ഥർ ജഡ്ജിക്ക് വിശ്വാസവും, സത്യസന്ധതയും ഉള്ളവരായിരിക്കണമെന്ന് രജിസ്ട്രാർ ജനറൽ അദ്ദേഹത്തിന്റെ 08.05.2023 ലെ കത്തിലൂടെ അറിയിച്ചു. കുട്ടികളും പ്രായമായ മാതാപിതാക്കളും അത്തരം ആളുകളുടെ സംരക്ഷണയിലാണെന്നതിനാലും സത്യസന്ധതയും വിശ്വസ്തതയും ഉള്ള വ്യക്തികളെ മാത്രമേ ബഹുമാനപ്പെട്ട ജഡ്ജിയുടെ വസതിയിൽ നിയമിക്കാൻ കഴിയൂ. ഈ കാഴ്ചപ്പാടോടെയാണ് 'സേവക്' എന്ന തസ്തിക നിലവിൽ വന്നതും ഹൈക്കോടതിയിൽ രൂപീകരിച്ചതും. അതിനാൽ 47 സേവകരുടെ അധിക തസ്തികകൾ ഹൈക്കോടതിക്ക് അത്യന്താപേക്ഷിതമാണ്. എന്നിരുന്നാലും, തസ്തിക പരിവർത്തനം ചെയ്തോ നിലവിലുള്ള തസ്തിക സറണ്ടർ ചെയ്തോ സേവകരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് പ്രായോഗികമല്ല, കാരണം ഇത് ആ വിഭാഗത്തിന് അനുവദിച്ച ജോലിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കും. ബഹുമാനപ്പെട്ട ആക്ടിംഗ് ചീഫ് ജസ്റ്റിസിന്റെ നിർദ്ദേശപ്രകാരം, മുൻ തീരുമാനം പുനഃപരിശോധിക്കണമെന്നും 47 അധിക സേവക് തസ്തികകൾ അനുവദിക്കണമെന്നും രജിസ്ട്രാർ ജനറൽ സർക്കാരിനോട് അഭ്യർത്ഥിച്ചു.

9) പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം വീണ്ടും തേടുകയും ആ വകുപ്പ് ഇനിപ്പറയുന്ന രീതിയിൽ അഭിപ്രായങ്ങൾ നൽകുകയും ചെയ്തു;

"In view of the current financial constraints 'Finance' sticks to its earlier stand"

This has the approval of the Hon'ble Minister "(Finance) "

10) ഫയൽ ചംക്രമണം ചെയ്തപ്പോൾ ചീഫ് സെക്രട്ടറി ചുവടെ ചേർക്കുംപ്രകാരം നിർദ്ദേശിച്ചു,

"ഹൈക്കോടതിയുടെ ഫുൾ കോടതിയുടെ തീരുമാനം കണക്കിലെടുത്ത്, ധനകാര്യ വകുപ്പിന്റെ തീരുമാനത്തെ മറികടന്നു കൊണ്ട് ഹൈക്കോടതി ആവശ്യപ്പെട്ട 47 സേവക് തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ നിർദേശിക്കാം ."

11) പ്രസ്തുത നിർദ്ദേശം ബഹു. മുഖ്യമന്ത്രി അംഗീകരിക്കുകയും, വിഷയം മന്ത്രി സഭായോഗത്തിന് മുമ്പാകെ സമർപ്പിക്കുവാനും ഉത്തരവായി .

**<u>തീരുമാനിക്കേണ്ട കാര്യം</u>**

ഹൈക്കോടതിയുടെ ഫുൾ കോടതിയുടെ തീരുമാനം കണക്കിലെടുത്ത് ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ സേവക് മാരുടെ 47 അധിക തസ്തികകൾ 25,300/-രൂപ കൺസോളിഡേറ്റഡ് ശമ്പള വ്യവസ്ഥയിൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നുകൊണ്ട് സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?